**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1081** **02-02-2026 - ൽ മറുപടിയ്ക്ക്**

**മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ ഭാഗമായ കാരിക്കോട് ഡിസ്ട്രിബ്യൂട്ടറി കനാലിന്റെ ആറാമത്തെ റീച്ചുമായി ബന്ധപ്പെട്ട തടസ്സം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | Blasting - ന് എതിരെയുള്ള തദ്ദേശ വാസികളുടെ എതിർപ്പ് മൂലവും മറ്റും 68% പ്രവൃത്തികളെ റീച്ച് -6ൽ പൂർത്തീകരിച്ചിട്ടുള്ളൂ. തടസ്സങ്ങൾ പരിഹരിക്കുന്നതിനും പ്രവൃത്തി പൂർത്തീകരിക്കുന്നതിനും ടെക്നിക്കൽ കമ്മിറ്റികൾ നടത്തി. 29/04/2020 - ലെ ടെക്നിക്കൽ കമ്മിറ്റിയിൽ വർക്കുകൾ foreclose ചെയ്യുവാനും കാരിക്കോടിന്റെ ബാലൻസ് പ്രവൃത്തികൾ ഒറ്റ പ്രവൃത്തിയായി ക്രമീകരിക്കുവാനും തീരുമാനിച്ചു. ആയതിന്റെ DPR തയ്യാറാക്കി സമർപ്പിച്ചുവെങ്കിലും NABARD അംഗീകാരം ലഭ്യമായിട്ടില്ല. |
| (ബി) | കാരിക്കോട് ഡിസ്ട്രിബ്യൂട്ടറി കനാലിന്റെ 2, 3, 5, 6 റീച്ചുകളിൽ അവശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ 34.90 കോടി രൂപയുടെ വിശദമായ പദ്ധതിരേഖ തയ്യാറാക്കി സമർപ്പിക്കപ്പെട്ടിട്ടുണ്ടോ; ആയത് നിലവിൽ ഏത് ഘട്ടത്തിലാണ്; | (ബി) | കാരിക്കോട് ഡിസ്ട്രിബ്യൂട്ടറി കനാലിന്റെ 2,3,5,6 റീച്ചുകളുടെ ബാലൻസ് പ്രവൃത്തിക്കായുള്ള 34.9 കോടി രൂപയുടെ പദ്ധതി റിപ്പോർട്ടിന് നബാർഡിൽ (RIDF) നിന്നും അംഗീകാരം ലഭ്യമായിട്ടില്ല. |
| (സി) | പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി നിലവിലെ നിരക്കുകൾ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കാൻ വകുപ്പുതല ടെക്നിക്കൽ കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ആയതിന്റെ തീയതിയും വിശദാംശം അറിയിക്കുമോ; | (സി) | തീരുമാനമെടുത്തിട്ടുണ്ട്. 29/04/2020 ലെ ടെക്നിക്കൽ കമ്മിറ്റിയിൽ ആണ് തീരുമാനം എടുത്തിരിക്കുന്നത്. Present site condition അനുസരിച്ച് ബാലൻസ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി DPR സമർപ്പിച്ചിരുന്നെങ്കിലും നബാർഡിൽ (RIDF) നിന്നും അംഗീകാരം ലഭ്യമായിട്ടില്ല.. |
| (ഡി) | മുളക്കുളം പഞ്ചായത്തിലൂടെയുള്ള കാരിക്കോട് ഡിസ്ട്രിബ്യൂട്ടറി കനാലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ദീർഘകാലമായി മുടങ്ങിക്കിടക്കുന്നതിനെ തുടർന്ന് കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി സ്വീകരിച്ച അടിയന്തര നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ഡി) | തീരുമാനമെടുത്തിട്ടുണ്ട്. 29/04/2020 ലെ ടെക്നിക്കൽ കമ്മിറ്റിയിൽ ആണ് തീരുമാനം എടുത്തിരിക്കുന്നത്. Present site condition അനുസരിച്ച് ബാലൻസ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി DPR സമർപ്പിച്ചിരുന്നെങ്കിലും നബാർഡിൽ (RIDF) നിന്നും അംഗീകാരം ലഭ്യമായിട്ടില്ല.. |
| (ഇ) | കാരിക്കോട് ഡിസ്ട്രിബ്യൂട്ടറി കനാലിന്റെ 2-ാം റീച്ചിന്റെയും 5-ാം റീച്ചിന്റെയും നിർമ്മാണത്തിനായി | (ഇ) | കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ 2, 5 എന്നീ റീച്ചുകളുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | സമർപ്പിച്ച റിവൈസ്ഡ് എസ്റ്റിമേറ്റുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ, ആയത് അംഗീകരിക്കുന്നതിലെ കാലതാമസം എന്തുകൊണ്ടാണെന്നും പ്രവൃത്തി ആരംഭിക്കുന്നതിന് നിശ്ചയിച്ചിരിക്കുന്ന സമയക്രമം എന്താണെന്നും അറിയിക്കുമോ? | | റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയതുമായി ബന്ധപ്പെട്ട ക്രമക്കേട് സംബന്ധിച്ച വിഷയത്തിൽ വിജിലൻസ് അന്വേഷണം നടത്തുന്നതിന് വിജിലൻസ് വകുപ്പ് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർക്ക് അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ